(ബി) വനാവകാശ നിയമങ്ങൾ അനുസരിച്ച് തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശങ്ങൾ സംബന്ധിച്ച് അവബോധം പോലും ആദിവാസികൾക്ക് ഇല്ലാത്ത അവസ്ഥയാണിത് എന്ന കാര്യം അറിയാമോ ;

(സി) തങ്ങൾക്ക് ലഭ്യമാകേണ്ട അവകാശത്തെക്കുറിച്ച് ബോദ്ധ്യമില്ലാത്ത ആദിവാസി സമൂഹം കൊടിയ ചൂഷണത്തിന് വിധേയമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ആദിവാസികൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ആ വിഭാഗത്തിന്റെ അജ്ഞത മുതലെടുത്ത് പലരും തട്ടിയെടുക്കുന്നതായ സ്ഥിതിവിശേഷം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) വനാവകാശ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് FRC രൂപീകരിക്കുകയും ഈ FRC മുഖേന ഊരുകൂട്ടങ്ങൾ കൂടുകയും അതനുസരിച്ച് കോളനികളിൽ ബോധവൽക്കരണ ക്ലാസ് നടത്തുകയും അപേക്ഷ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. വനാവകാശ കമ്മിറ്റി അംഗങ്ങൾ, എസ്.റ്റി. പ്രൊമോട്ടർമാർ, ഊര് മൂപ്പൻമാർ എന്നിവർക്ക് വിവിധ ജില്ലകളിൽവച്ച് വനാവകാശ നിയമത്തെപ്പറ്റി ക്ലാസ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ അത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കർശന നടപടി വകുപ്പ് സ്വീകരിക്കുകയും ആയതിന് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്.

പട്ടികഗോത്രവർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി

350 (690) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷ കാഹാരം നൽകുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ :

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിന് 'ജനനീ ജന്മരക്ഷ' എന്ന പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണം, പോഷകാഹാരം ലഭ്യമാക്കൽ എന്നിവയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം.

(സി) ഗർഭാവസ്ഥയുടെ 3 മാസം മുതൽ കുഞ്ഞിന് ഒരു വയസ് തികയും വരെ പ്രതിമാസം 1000-രൂപാ നിരക്കിൽ പരമാവധി 18 മാസം ഗുണഭോക്താവിന് ധനസഹായം നൽകിവരുന്നു. പോസ്റ്റാഫീസുകൾവഴി മണിയോർഡറായി ടി ഇുക എല്ലാ മാസവും ഗുണഭോക്താവിന് വിതരണം ചെയ്യുവരുന്നുണ്ട്.

(ഡി) ആരോഗ്യ വകുപ്പുമായി സഹകരിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർ സാക്ഷ്യപ്പെടുത്തി നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ജില്ലാ ഓഫീസർമാർമുഖേന ലഭ്യമാകുന്ന പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കളായ പട്ടികവർഗ്ഗത്തിൽപ്പെട്ട എല്ലാ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമാണ് പ്രതിമാസം 1000-രൂപ വീതം അനുവദിക്കുന്നത്. ടി പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ

351 (691) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികവർഗ്ഗ വികസനവകുപ്പ്, പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി, തെരഞ്ഞെടുത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ജനവിഭാഗങ്ങളുടെ സ്ഥായിയായ സമഗ്രവികസന പദ്ധതി പ്രകാരം ചാലക്കുടി ബ്ലോക്കിൽ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly